പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹനമിടാത്ത ചോദ്യം നമ്പർ:1973 14.07.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് നടപടി

ചോദ്യം ഉത്തരം

ശ്രീ. സി. മമ്മൂട്ടി

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യെ പബ്ലിക് യൂട്ടിലിറ്റി സ്ഥാപനമായാണോ കമേഴ്സ്യൽ സ്ഥാപനമായാണോ നിലനിർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ആർ.ടി.സി. ആക്ട് സെക്ഷൻ 22 പ്രകാരം കെ.എസ്.ആർ.ടി.സി ഒരു **General Public Utility** സ്ഥാപനമാണ്, എന്നിരുന്നാലും കോർപ്പറേഷൻ **Business principles** അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. |
| (ബി) | കമേഴ്സ്യൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ മുടക്കമില്ലാതെ നൽകുമ്പോൾ കെ.എസ്.ആർ.ടി.സി യിലെ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി യിലെ അംഗീകൃത തൊഴിലാളി സംഘടനകളും മാനേജ്മെന്റുമായി ധാരണയാകുന്ന സേവന-വേതന കരാർ പ്രകാരമാണ് കോർപ്പറേഷനിലെ ജീവനക്കാർക്ക് ഡി.എ. ഉൾപ്പെടുന്ന വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നത്. ജീവനക്കാർക്ക് ഡി.എ. ഉൾപ്പെടുന്ന ആനുകൂല്യങ്ങൾ നൽകാതിരിക്കുന്നില്ല. സർക്കാർ അനുവദിക്കുന്ന ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഉടൻതന്നെ കോർപ്പറേഷനിലെ ജീവനക്കാർക്ക് നൽകുന്നതിന് സാമ്പത്തിക നില വിഘാതമാകുന്നുണ്ട്. എന്നാൽ കോർപ്പറേഷന്റെ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സ്ഥിതിയും സർക്കാർ നൽകുന്ന സാമ്പത്തിക സഹായവും കണക്കിലെടുത്ത് ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ നൽകിവരികയാണ് ചെയ്യുന്നത്. |
| (സി) | പൊതുജനങ്ങളുടെ യാത്രാസൗകര്യം കണക്കിലെടുത്ത് ലാഭനഷ്ടം നോക്കാതെ രാത്രിയിലും അവധി ദിവസങ്ങളിലും സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനും സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനുള്ള സാമ്പത്തിക സഹായം നൽകുമോ? | | |

സെക്ഷൻ ഓഫീസർ